രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2015

സാമൂഹ്യശാസ്ത്രം ക്ലാസ്സ്: 10

**ഉത്തരസൂചിക** Totam mark :80

---

1. *കിഴക്കൻ യൂറോപ്പിലെ ചില പ്രദേശങ്ങൾ ഓട്ടോമൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്നു. ഇവ കൈയടക്കുന്നതിനു വേണ്ടി നടന്ന സംഘർഷങ്ങൾ പൗരസ്ത്യ യൂറോപ്യൻ സമസ്യ എന്ന പേരിൽ അറിയപ്പെട്ടു.
   *ബാൾക്കൻ പ്രദേശങ്ങളിൽ ആധിപത്യം നേടുമെന്ന് ഭയന്ന ബ്രിട്ടൺ ,പ്രഷ്യ, ഹോളണ്ട് എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു സഖ്യമുണ്ടാക്കി.
   *ഇതിന്റെ ഭാഗമായിട്ടാണ് ബാൾക്കൻ പ്രതിസന്ധി ഉണ്ടാകുന്നത്.
   *ബാൾക്കൻ പ്രദേശങ്ങളെ ചൊല്ലി റഷ്യയുടേയും ജർമ്മനിയുടേയും താത്പര്യങ്ങൾ തമ്മിലുണ്ടായ സംഘർഷമാണ് ബാൾക്കൻ പ്രതിസന്ധി. ( 4 )
2. a)താപം : താപനിലയിലുള്ള വർദ്ധനവ് ബാഷ്പീകരണത്തെ ത്വരിതപ്പെടുത്തുന്നു.
   b)വായുവിന്റെ സ്വഭാവം : വരണ്ട വായുവിന് കൂടുതൽ നീരാവി ഉൾക്കൊള്ളാൻ കഴിയുന്നു. ( 2 )
3. വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യൻ സമൂഹത്തെ ചില വൈകാരിക ശക്തികൾ ഏകീകരിക്കുകയും ഒരു ഏകാത്മക സമൂഹമായി നിലനിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് ദേശീയോദ്ഗ്രഥനം .
   <u>അടിസ്ഥന ഘടകങ്ങൾ</u>
   1. ഘടനാപരമായ സമത്വം
   2. സാംസ്കാരിക ഐക്യം
   3. ആശയപരമായ ഒരുമ ( 2 )
4. സ്പെക്ട്രൽ സിഗ്നേച്ചർ : ഭൗമോപരിതലത്തിലെ ഓരോ വസ്തുവും പ്രതിഫലിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ അളവാണ് സ്പെക്ട്രൽ സിഗ്നേച്ചർ .
   സ്പേഷ്യൽ റെസല്യൂഷൻ : ഒരു സെൻസറിന് വേർതിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് സ്പേഷ്യൽ റെസല്യൂഷൻ. ( 2 )
5. *ചരിത്രം , സാമൂഹ്യ ശാസ്ത്രം നരവംശ ശാസ്ത്രം തുടങ്ങിയ മേഖലകളിൽ പരിണാമ സിദ്ധാന്തം വലിയ മാറ്റങ്ങൾ ഉണ്ടാക്കി.
   *സാമൂഹ്യശാസ്ത്ര വിഷയങ്ങളിലേക്കുള്ള പരിണാമസിദ്ധാന്തത്തിന്റെ പ്രയോഗത്തെ സോഷ്യൽ ഡാർവിനിസം എന്ന് വിളിക്കുന്നു. ( 1 )
6. a) <u>പർവതങ്ങൾ</u>
   ആരവല്ലി
   വിന്ധ്യ
   സത്പുര
   <u>പീഠഭൂമികൾ</u>
   മാൾവ പീഠഭൂമി
   ചോട്ടാ നഗ്പൂർ പീഠഭൂമി
   ഡക്കാൺ പീഠഭൂമി

| മണ്ണിനം | സവിശേഷത | കാണപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|
| കറുത്ത മണ്ണ് | ഫലപുഷ്ടി കൂടുതൽ<br>ഈർപ്പം ശേഖരിക്കാനുള്ള കഴിവ് കൂടുതൽ<br>കറുത്ത നിറം<br>ഗ്വെതമ്പ്, ജോവർ ,കരിമ്പ് പ്രധാന കൃഷി | ഡക്കാൺ പീഠഭൂമി,<br>മാൾ വ പീഠഭൂമി ,<br>വിന്ധ്യ സത്പുര നിരകൾ , കച്ച് കത്തിയവാർ പ്രദേശങ്ങൾ |

| | | |
|---|---|---|
| ചുവന്ന മണ്ണ് | ഇരുമ്പിന്റെ അംശം കൂടുതൽ<br>ഫലപുഷ്ടി കുറവ്<br>നെല്ല് , റാഗി ,നിലക്കടല ,<br>പുകയില പച്ചക്കറികൾ എന്നിവ<br>കൃഷി ചെയ്യുന്നു. | ചോട്ടാ നഗ്പൂർ  പീഠഭൂമി,<br>പശ്ചിമഘട്ടത്തിന്റെ തെക്ക്-<br>തെക്കുകിഴക്ക്<br>പൂർവഘട്ടത്തിന്റെ പടിഞ്ഞാറ് |
| ചെങ്കൽ മണ്ണ് | | ആരവല്ലി പർവതത്തിന്റെ<br>കിഴക്ക് |

( 6 )

b)

| വിള | താപനില | മഴയുടെ അളവ്<br>( വാർഷികം ) | മണ്ണ് |
|---|---|---|---|
| പരുത്തി | 20 -30 ഡിഗ്രി<br>സെൽഷ്യസ് | 65-85 cm | കറുത്ത പരുത്തി മണ്ണ്<br>എക്കൽ മണ്ണ് |
| ചണം | 24-35 ഡിഗ്രി<br>സെൽഷ്യസ് | 150 സെന്റീമീറ്ററിൽ<br>കൂടുതൽ | നീർവാർച്ചയുള്ള എക്കൽ<br>മണ്ണ് |
| കരിമ്പ് | 20-30 ഡിഗ്രി<br>സെൽഷ്യസ് | 100-150 cm | കറുത്ത പരുത്തി മണ്ണ് |

7. വില്യം വേഡ്സ് വർത്ത് - ഏകാകിയായ കൊയ്ത്തുകാരി
വിക്ടർ യൂഗോ - പാവങ്ങൾ
ചാൾസ് ഡാർ വിൻ - മനുഷ്യന്റെ അവതാരം
മാക്സ് പ്ലാങ്ക് - ക്വാണ്ടം ബലതന്ത്രം
ആൽബർട്ട് ഐൻസ്റ്റീൻ - ആപേക്ഷിക സിദ്ധാന്തം ( 5 )

8.
1. വളരെയേറെ ഫലഭൂഷ്ടിയുള്ള സമതലം
2. ലോകത്തിലെ ഏറ്റവും വിസ്തൃതമായ എക്കൽ സമതലം
3. ലോകത്തിലെ ജനസാന്ദ്രതയേറിയ മേഖലകളിൽ ഒന്ന്
4. റെയിൽ റോഡ് ഗതാഗത മാർഗ്ഗങ്ങളുടെ നല്ല ശ്യംഖല ( 3 )

9.

| ആശയം | വക്താക്കൾ | വാദങ്ങൾ |
|---|---|---|
| ജർമ്മൻ ആശയവാദം | ഇമ്മാനുവൽ കാന്റ്<br>ഹെഗൽ | *ആശയമാണ് പ്രഥമവും<br>പ്രധാനവും<br>ഭൗതികപദാർത്ഥങ്ങൾക്ക്<br>ദ്വിതീയ സ്ഥാനമേയുള്ളൂ.<br>*ഒരു ആശയത്തിന് സാമൂഹിക<br>ജീവിതത്തെ മാറ്റിമറിക്കാൻ<br>കഴിയും |
| ഭൗതിക വാദം | കാൾ  മാർക്സ് | *ഭൗതിക ശക്തികളാണ്<br>മാറ്റമുണ്ടാക്കുന്നത്<br>*ലോകത്തെ<br>വ്യാഖ്യാനിക്കുകയല്ല ,<br>ലോകത്തെ മാറ്റി മറിക്കുകയാണ് |

| | | |
|---|---|---|
| | | പ്രധാനം |

( 4 )

10. അസംസ്കൃത വസ്തുക്കളുടെ ലഭ്യത
ജലലഭ്യത
ഗതാഗത സൗകര്യം
ഊർജ്ജ ലഭ്യത
തൊഴിലാളികളുടെ ലഭ്യത ( 3 )

11. <u>പ്രാദേശികവാതം</u> : സ്വന്തം രാജ്യത്തേക്കാൾ സ്വന്തം പ്രദേശത്തിന് പ്രാധാന്യം നൽകുന്നു. പ്രാദേശിക വാതത്തിനൊപ്പം ഭാഷയും മതവും ചേരുമ്പോൾ അത് ഒറ്റ ദേശമെന്നതിനു പകരം പ്രാദേശിക താല്പര്യത്തിനു മുൻ തൂക്കം നൽകുന്നു]

<u>ജാതിയത</u> : ഒരു വിഭാഗം മറ്റ് വിഭാഗക്കാരെ താഴ്ന്നവരായി പരിഗണിക്കുന്നു.സ്ഥാനങ്ങളും അവസരങ്ങളും ചില ചില ജാതിക്കാർ മാത്രം കൈ വശം വെക്കുന്നു.
ഇത് മറ്റ് ജാതിക്കാർക്കിടയിൽ ശത്രുതയുണ്ടാക്കുന്നു.

<u>ഭാഷാവാതം</u> : ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനസംഘടന ആവശ്യപ്പെട്ട് ഇന്നുമിന്ത്യിൽ വിവിധ സ്ഥലങ്ങളിൽ പ്രക്ഷോഭങ്ങൾ നടക്കുന്നു.
സങ്കുചിത ഭാഷാവാതം ദേശീയോദ്ഗ്രഥനത്തിനു തടസ്സമാകുന്നു.

<u>വർഗ്ഗീയത</u> :മതം ജാതി വംശം എന്നിവ ഒരു രാഷ്ട്രീയ സാമൂഹ്യനേട്ടങ്ങൾക്കായി ഉപയോഗിക്കുമ്പോൾ അത് വർഗ്ഗിയതയാകുന്നു.സ്വന്തം മതത്തോടുള്ള അതിരു കവിഞ്ഞ അഭിനിവേശം മറ്റ് മതങ്ങളോടുള്ള വിരോധമായി മാറുമ്പോൾ മതതീവ്രവാതം ഉടലെടുക്കുന്നു.

( 4 )

12. *വളരെയേറെ ചലവ് കുറവ്
* കുറഞ്ഞ സമയത്തിനുള്ളിൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നു
*വീട്ടിലിരുന്ന് തന്നെ പണമയക്കുന്നതിനും ബില്ലുകൾ അടയ്ക്കുന്നതിനും സാധിക്കുന്നു ( 3 )

13. a)<u>യുദ്ധകാല കമ്മ്യൂണിസം</u>
* കൃഷിഭൂമി , എസ്റ്റേറ്റുകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്തു
* ഉത്പന്നങ്ങളിൽ അധികമുള്ളവ സർക്കാർ ഏറ്റെടുത്ത് മറ്റ് ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്തു.
* വ്യവസായ ശാലകളിൽ ഉദ്പാദിപ്പിക്കുന്നവയെ എല്ലാം വേതനത്തിന് പകരമായി തൊഴിലാളികൾക്ക് തന്നെ നൽകി.

b)<u>പുത്തൻ സാമ്പത്തിക നയം</u>
* കർഷകർക്ക് ഇഷ്ടമുള്ള ധാന്യം കൃഷി ചെയ്യാനും ഉത്പന്നങ്ങൾ പൊതു കമ്പോളത്തിൽ വിൽക്കാനും സ്വാതന്ത്ര്യം നൽകി
* തൊഴിലാളികൾക്ക് വേതനം പണമായി നൽകി
*സ്വകാര്യമേഖലയിൽ ചില വ്യവസായങ്ങൾ അനുവദിച്ചു ( 6 )

or

b)<u>കപടയുദ്ധം</u> : രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടണും ഫ്രാൻസും ജർമ്മനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തി .എങ്കിലും നേരിട്ട് ഒരു ഏറ്റുമുട്ടലിന് തയ്യാറായില്ല.
പോളണ്ടിന് സഹായ സഹകരണങ്ങൾ നൽകി അവർ വിട്ടു നിന്നു.
അതിനാൽ 1939 സെപ്റ്റംബർ മുതൽ 1940 ഏപ്രിൽ വരെയുള്ള കാലം കപടയുദ്ധം എന്നറിയപ്പെടുന്നു
<u>വിയറ്റ്നാം യുദ്ധം</u> :രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഫ്രഞ്ച് സൈന്യം നഷ്ടപ്പെട്ട അധികാരം പിടിച്ചെടുക്കാനായി വിയറ്റ്നാമിൽ എത്തി.
ഫ്രഞ്ചുകാരെ പരാജയപ്പെടുത്തിയതിനെ തുടർന്നുണ്ടായ ജനീവ സമ്മേളനം വിയറ്റ്നാമിനെ ഉത്തര

ദക്ഷിണ വിയറ്റ്നാമുകളായി വിഭജിച്ചു.
1960 ൽ ആരംഭിച്ച ജനകീയ കലാപങ്ങൾക്കു പിന്നിൽ ഉത്തര വിയറ്റ്നാമാണെന്ന് ആരോപിച്ച് അമേരിക്ക ഉത്തര വിയറ്റ്നാമിനെ ആക്രമിച്ചു.
അമേരിക്ക നാപാം ബോംബുകൾ ഉപയോഗിച്ചു.
ലോകം വിയറ്റ്നാം ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
ഗത്യന്തരമില്ലാതെ അമേരിക്ക 1975 ഏപ്രിൽ 30 ന് വിയറ്റ്നാമിൽ നിന്ന് പിൻവാങ്ങി
1976 ൽ വിയറ്റ്നാം ഏകീകരിച്ചു
<u>ശീതസമരം:</u>രണ്ടാം ലോകയുദ്ധത്തിനു ശേഷം ലോകം രണ്ടു ചേരികളായി ആശയപരമായ വ്യത്യാസമായിരുന്നു കാരണം .
സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയും അമേരിക്കയുടെ നേതൃ ത്വത്തിലുള്ള മുതലാളിത്ത ചേരിയും.
ഈരണ്ട് രാഷ്ട്രങ്ങളും തമ്മിലുള്ള സംഘർഷങ്ങൾക്ക് തുറന്ന യുദ്ധങ്ങളുടെ രൂപം കൈവന്നില്ല.
അതിനാൽ ഇത് ശീതസമരം എന്ന് വിളിക്കുന്നു
ശീതസമരം യുദ്ധത്തിന്റേയോ സമാധാനത്തിന്റേയൊ അവസ്ഥയായിരുന്നില്ല

14.

| വിള | താപനില | വാർഷിക വർഷപാതം | മണ്ണ് |
|---|---|---|---|
| നെല്ല് | പ്രതിമാസ ശരാശരി താപനില 24 ഡിഗ്രീ സെൽഷ്യസ് | 150 സെ മി | ഫലഭൂയിഷ്ഠമആയ കളിമണ്ണ് , എക്കൽമണ്ണ് |

( 4 )

15.<u>കാരണങ്ങൾ</u>
സോഷ്യലിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ നിന്നും വ്യതിചലിച്ചത്
ആഗോളവത്കരണത്തിന്റെ ഭാഗമായുള്ള ബാഹ്യ ഇടപെടൽ
ഗോർബച്ചേവിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ സോവിയറ്റ് യൂണിയനെ മുതലാളിത്ത ചേരിയിലേക്ക് അടുപ്പിച്ചു
പാർട്ടിയിലേയും ഗവണ്മെന്റിലേയും ആഭ്യന്തര പ്രശ്നങ്ങളും ഭരണത്തിലെ അഴിമതിയും
<u>അനന്തര ഫലങ്ങൾ</u>
ഇരുധ്രുവലോകം തകരുകയും ഒരു ഏകധ്രുവലോകം ഉയർന്നുവരികയും ചെയ്തു. ( 5 )

16. ഉത്തരമഹാസമതലം
തീരസമതലം
ഉപദ്വീപീയ പീഠഭൂമി ( 3 )

17.* മഹത്തായ വിപ്ലവം - 1688
* പാരീസ് ഉടമ്പടി - 1783
* ബാസ്റ്റീയ് കോട്ടയുടെ പതനം - 1789 ജൂലൈ 14
* ജർമ്മനിയുടെ ഏകീകരണം - 1871 ( 4 )

18.റിസർ വ് ബാങ്ക് ഓഫ് ഇന്ത്യ
<u>ധർമ്മങ്ങൾ</u>
1. നോട്ട് അച്ചടിച്ചിറക്കൽ: ഇന്ത്യയിൽ ഒരു രൂപയും നാണയങ്ങളും ഒഴികെയുള്ള മുഴുവൻ നോട്ടുകളും ഇറക്കുന്നു
2.ഗവണ്മെന്റിന്റെ ഏജന്റ്, ഉപദേഷ്ടാവ് : പണസംബന്ധമായ കാര്യങ്ങളിൽ ഗവണ്മെന്റിന് ഉപദേശം നൽകുക
3. വായ്പാ പണം പ്രദാനത്തെ നിയന്ത്രിക്കൽ : രാജ്യത്തെ പണപ്രദാനത്തിന്റെ വായ്പയുടേയും

ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നു
4. ബാങ്കുകളുടെ ബാങ്ക് : വാണിജ്യ ബാങ്കുകളെ നിയന്ത്രിക്കുന്നു. അത്യാവശ്യം വരുമ്പോൾ ബാങ്കുകളെ സഹായിക്കുന്നു. അതുകൊണ്ട് ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നു. ( 5 )

19 *ചുണ്ണാമ്പ്കല്ല്
*ഡോളമൈറ്റ്
*കൽക്കരി
*ഇരുമ്പയിര്
*മാംഗനീസ് ( 2 )

20. a)മൈക്കലാ മലനിരനിരകൾ
b)ആഗർ ഗിർന
c)മഹാനദി
d)മഹാനദിപശ്ചിമഘട്ട മലനിരകൾ ( മഹാരാഷ്ട്ര )
e)ഭീമ തുംഗഭദ്ര ( 3 )

21.-ഫാഷിസവും നാസിസവും വീരാരാധന , യുദ്ധവെറി , വംശീയത , ഭൂതകാല മഹത്വവത്കരണം എന്നിവ ആശയങ്ങളായി പ്രയോഗിച്ചു.
-പുരാതന റോമൻ സാമ്രാജ്യത്വത്തിന്റെ മഹത്വത്തെ ഇറ്റലി പ്രകീർത്തിച്ചപ്പോൾ ജർമ്മനി ആര്യൻ വംശത്തിന്റെ മഹത്വത്തെ പ്രകീർത്തിച്ചു.
-സോഷ്യലിസ്റ്റുകളേയും കമ്മ്യൂണിസ്റ്റുകളേയും ഡെമോക്രാറ്റുകളേയും ഇരു കൂട്ടരും എതിർത്തു.
-കറുത്തകുപ്പായക്കാർ എന്ന ഒരു സൈന്യത്തെ മുസലിനി സംഘടിപ്പിച്ചു.
-തവിട്ടുകുപ്പായക്കാർ എന്ന ഗ്രൂപ്പിനെ ഹിറ്റ്ലർ സംഘടിപ്പിച്ചു ( 5 )

22. ഭൂപടത്തിൽ ,
ആരവല്ലി, ഊത്തുക്കുടി, വടക്കൻ സിർക്കൻസ് കാവേരി നദി എന്നിവ അടയാളപ്പെടുത്തുക ( 4 )

Prepared by

COLIN JOSE .E
H SA SOCIAL SCIENCE
AMMRHSS KATELA, TVPM
&

BIJU.M
H SA SOCIAL SCIENCE
GHSS BANGARA MANJESHWAR